2001-ലെ സന്തോഷ്ട്രോഫി ജേതാക്കൾക്ക് ജോലി ഉറപ്പാക്കൽ

151 [1869] ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001-ലെ സന്തോഷ്ട്രോഫി ജേതാക്കളായ കേരളാ ടീമിലെ ജോലി ഇല്ലാത്ത ടീം അംഗങ്ങൾക്ക് ജോലി നൽകുമെന്ന് വാഗ്ദാനം നല്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ വാഗ്ദാനം നടപ്പിലാക്കിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) 2001-ലെ സന്തോഷ്ട്രോഫി ജേതാക്കളായി വന്ന കേരള ടീം അംഗങ്ങളിൽ ജോലി ഇല്ലാതിരുന്ന 6 കളിക്കാരിൽ ശ്രീ. ടി. ജി. പുരുഷോത്തമൻ, ശ്രീ. കെ. അജയൻ എന്നിവരുടെ പേരുകൾ സർക്കാർ 1-2-2005-ൽ പുറത്തിറക്കിയ സ്പോർട്ടസ് കോട്ടാ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സർവ്വശ്രീ. എൻ. ദിലീപ്, സനൂഷ് രാജ്, പി., ബിജുകുമാർ, റ്റി. വി., വി. എം. ഗിരീഷ് എന്നിവർക്ക് കെ.എസ്.ഇ.ബി.യിൽ ജോലി ലഭിച്ചിട്ടുണ്ട്.

കായിക താരങ്ങൾക്ക് സർവ്വീസിൽ നിയമനം നൽകാൻ നടപടി

152 (1870) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായിക താരങ്ങൾക്ക് സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതിയനുസരിച്ച് 2001 മുതൽ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) സർക്കാരിന്റെ നൂറ് ദിന കർമ്മപരിപാടി പ്രകാരം കായിക താരങ്ങളായ എത്ര പേർക്ക് സർവ്വീസിൽ നിയമനം നൽകിയിട്ടുണ്ടെന്ന് വെളിപ്പടുത്താമോ ;

(സി) ഏതൊക്കെ കായിക ഇനങ്ങളിൽപ്പെട്ടവർക്കാണ് ഈ ആനുകൂല്യത്തിന് അർഹതയുള്ളതെന്നും, എത്ര തസ്തികകളാണ് ഇവർക്കുവേണ്ടി നീക്കിവെച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1992 മുതൽ 1996 വരെയുള്ള 100 ഒഴിവുകളിലേക്ക് 2001-ൽ നിയമനം നൽകുകയുണ്ടായി. ഇതിൽ ബാസ്ക്കറ്റ്ബോൾ വിഭാഗത്തിൽ നിയമനം ലഭിച്ച ഒരു വ്യക്തി ഉദ്യോഗത്തിൽ പ്രവേശിക്കാത്തതുമൂലം ഉണ്ടായ ഒഴിവിലേക്ക് നിയമനത്തിനുള്ള നടപടികൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VIII

[3-3-2005-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 152 (1870) കാണുക]

1.	അക്വാട്ടിക്സ്	10
2.	അത്‌ലറ്റിക്സ്	15
3.	ബാസ്കറ്റ് ബാൾ	10
4.	സൈക്ലിംഗ്	5
5.	ഫുട്ബോൾ	10
6.	ഹാൻഡ് ബോൾ	10
7.	കളരിപ്പയറ്റ്	5
8.	വോളിബോൾ	10
9.	വാട്ടർ സ്പോർട്സ് (കാനോയിംഗ്, കയാക്കിംഗ്, റോവിംഗ് ഉൾപ്പടെ)	10
10.	(എ) ബാഡ്മിന്റൺ	10
	(ബി) ബോക്സിംഗ്	
	(സി) ചെസ്സ്	
	(ഡി) സൈക്കിൾ പോളോ	
	(ഇ) ഫെൻസിംഗ്	
	(എഫ്) പവർ ലിഫ്റ്റിംഗ്	
	(ജി) ഷട്ടിൽ ബാഡ്മിന്റൺ	
	(എച്ച്) വെയ്റ്റ് ലിഫ്റ്റിംഗ്	
	(ഐ) റെസ്‌ലിംഗ്	
11.	(എ) ആർച്ചറി	5
	(ബി) ബോഡി ബിൽഡിംഗ്	
	(സി) ക്രിക്കറ്റ്	
	(ഡി) ജിംനാസ്റ്റിക്സ്	
	(ഇ) ഹോക്കി	
	(എഫ്) കബഡി	
	(ജി) ടേബിൾ ടെന്നീസ്	
	(എച്ച്) ടെന്നീസ്	
	ആകെ	100

LIBRARY ARCHIVES Kerala Legislative Assembly